23/DGE/HSE/NSS/2025

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ,
(Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി:26/05/2025

## സർക്കുലർ

വിഷയം: ലോക പരിസ്ഥിതി ദിനാചരണം - **കല്പകം – 2025** ക്യാമ്പയിൻ - സംബന്ധിച്ച്

2025ലെ ലോക പരിസ്ഥിതി ദിനം ജൂൺ അഞ്ചിന് '**കൽപ്പകം 2025**' എന്ന പേരിൽ സംഘടിപ്പിക്കേണ്ടതാണ്. 2025ലെ പരിസ്ഥിതി ദിന പ്രമേയമായ Ending Global Plastic Pollution ആഗോള പ്ലാസ്റ്റിക് മലിനീകരണ നിർമ്മാർജ്ജനം എന്ന ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന മുദ്രാവാക്യത്തിന് അടിസ്ഥാനത്തിലാണ് ദിനാചരണം സംഘടിപ്പിക്കേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തങ്ങളായ ക്യാമ്പയിനുകൾ ജൂൺ മാസം തന്നെ യൂണിറ്റ് തലങ്ങളിലും ജില്ലാ ക്ലസ്റ്റർ തലങ്ങളിലും ആസൂത്രണം ചെയ്തു പുതിയ വിദ്യാഭ്യാസ ആരംഭത്തിൽ നടപ്പിലാക്കാവുന്നതാണ്. പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലം മുതൽ യൂണിറ്റ് തലം വരെ സംഘടിപ്പിക്കേണ്ടതാണ്.

1. ജൂൺ മാസങ്ങളിൽ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് വോളന്റിയർമാർക്കും മറ്റു വിദ്യാർത്ഥികൾക്കും അവബോധം നൽകുക.
2. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
3. പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധ സെമിനാറുകൾ സംഘടിപ്പിക്കുക.
4. ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് റാലി, പ്രതിജ്ഞ തുടങ്ങിയവ യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കുക.

### കൽപ്പകം 2025

കേരളത്തിന്റെ ഔദ്യോഗിക വൃക്ഷമായ തെങ്ങിന്റെ രണ്ട് തൈകൾ ഉചിതമായ സ്ഥലങ്ങൾ തിരഞ്ഞെടുത്ത് നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

### പദ്ധതി

- എല്ലാ രണ്ടാം വർഷ വോളന്റിയർമാരും ഈ ക്യാമ്പയിനിൽ പങ്കാളികളാകണം.
- സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ പ്രോഗ്രാം ഓഫീസർമാർ വോളന്റിയർമാരുടെ ഓൺലൈൻ /ഓഫ്‌ലൈൻ കൂടിയിരിപ്പ് സംഘടിപ്പിക്കുകയും പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം ഹയർ സെക്കൻഡറി എൻ.എസ്.എസ്. പരിസ്ഥിതി സംരക്ഷണത്തിനായും

പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായും നടത്തിവരുന്ന ഇടപെടലുകൾ എന്നിവയെ സംബന്ധിച്ച് വ്യക്തമായ അവബോധം രൂപപ്പെടുത്തുന്ന വിധം ബോധവൽക്കരണം സംഘടിപ്പിക്കുക.(റീജിയണൽ/ജില്ലാ/ക്ലസ്റ്റർ കൺവീനർമാരുടെ സഹായം തേടാവുന്നതാണ്)

- ജൂൺ 5 ലോക പരിസ്ഥിതി ദിന പരിപാടിയിൽ വാർഡ് മെമ്പർ, കൃഷി ഓഫീസർ, പിടിഎ ഭാരവാഹികൾ, ആശാവർക്കർ, സിഡിഎസ് അംഗങ്ങൾ, തൊഴിലുറപ്പ് പ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കണം. പരിസ്ഥിതി ദിനം സംബന്ധിച്ച് സമഗ്ര ബോധവൽക്കരണം ജൂൺ അഞ്ചിന് നടക്കുന്ന പൊതു ചടങ്ങിന്റെ ഭാഗമായി സംഘടിപ്പിക്കണം.
- നമ്മുടെ ഭൂമിയെ സംരക്ഷിക്കാൻ പ്ലാസ്റ്റിക് നിർമ്മാജനം ഒരു നിർണായക ഘടകമാണ്. Reduce, Reuse, Recycle എന്ന നയം പ്രാവർത്തികമാക്കാവുന്നതാണ്. നവീനമായ ആശയങ്ങൾ വെച്ച് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ Recycle ചെയ്തുകൊണ്ട് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി ഒരു ഇൻസ്റ്റലേഷൻ കൂടി നടത്താവുന്നതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)